പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

## പി.എം.ജി.എസ്.വൈ-2 പദ്ധതി പ്രകാരമുള്ള 570 കിലോമീറ്റർ റോഡ്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3320 12.12.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി.വി.രാജേഷ് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.ജി.എസ്.വൈ.-2 അനുസരിച്ച് 570 കിലോമീറ്റർ റോഡ് അനുവദിച്ചുകൊണ്ടുള്ള നിർദ്ദേശം കേന്ദ്രസർക്കാരിൽ നിന്നും എപ്പോഴാണ് ലഭിച്ച തെന്നു വ്യക്തമാക്കുമോ; | (എ) | 2013 നവംബർ 26 ലെ കേന്ദ്ര ഗവൺമെന്റ് കത്തു മുഖേനയും 29.01.2014 തീയതിയിലെ എംപവേർഡ് കമ്മിറ്റി യോഗതീരുമാന പ്രകാരവുമാണ് 570 കി.മീ.റോഡ് അനുവദിച്ചത്. |
| (ബി) | അതനുസരിച്ചുള്ള ഡിസ്ട്രിക്ട് റൂറൽ റോഡ് പ്ലാൻ തയ്യാറാക്കി കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ; എപ്പോഴേയ്ക്ക് സമർപ്പിക്കാൻ കഴിയും എന്നറിയിക്കുമോ; | (ബി) | ഇല്ല. ഡി.ആർ.ആർ.പി. തയ്യാറാക്കുന്നതിന് CAD consultant, Gujarath എന്ന സ്ഥാപനത്തിനെ ഏൽപ്പിച്ചിരിക്കുക യാണ്. ഡി.ആർ.ആർ.പി.യുടെ കരട് ജില്ലാതലത്തി ലുള്ള പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്.ആയത് പഞ്ചായത്ത് തലത്തിൽ പരിശോധന നടത്തി വരുന്നു. പരിശോധനയിൽ ഒട്ടനവധി റോഡുകൾ വിട്ടുപോയതായി കാണുന്നു. ആയത് പരിഹരിച്ച് വരുന്നു. ഉടൻതന്നെ കുറവുകൾ പരിഹരിച്ച് കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത 570 കിലോ മീറ്ററിൽ കണ്ണൂർ ജില്ലയ്ക്ക് എത്ര കിലോമീറ്റർ റോഡാണ് ടാർജറ്റ് നിശ്ചയിച്ചിരിക്കുന്നത്; ടാർജറ്റ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡമെന്താണ്; | (സി) | 41 കി.മീറ്റർ.<br><u>മാനദണ്ഡങ്ങൾ</u><br>1. ജില്ലയുടെ ഗ്രാമീണ ജനസംഖ്യ മൊത്ത ജനസംഖ്യ അനുപാതം.<br>2. ദശാബ്ദ വളർച്ചാനിരക്ക്<br>3. ഗ്രാമീണ വിസ്തീർണ്ണം<br>4. പട്ടികജാതി ശതമാനം<br>5. പട്ടികവർഗ്ഗ ശതമാനം<br>6. വളർച്ചാകേന്ദ്രങ്ങളുടെ(growth centre)എണ്ണം. |

സെക്ഷൻ ഓഫീസർ